പി.എം.ജി. ജംഗ്ഷനിൽ ബസ്സ് നിറുത്താറില്ലെന്ന് പരാതി

105 (1160) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈകുന്നേരം 7 മണിക്ക്ശേഷം തിരുവനന്തപുരത്തു നിന്നും കിളിമാനൂർ-കൊട്ടാരക്കര, കിളിമാനൂർ-പുനലൂർ ഭാഗങ്ങളിലേക്ക് പോകുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ പി.എം.ജി. ജംഗ്ഷനിൽ നിർത്താറില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ബസ്സുകൾ നിർത്തി യാത്രക്കാരെ കയറ്റുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) യാത്രക്കാർ കൈ കാണിച്ചാലും നിർത്താതെപോകുന്ന ഡ്രൈവർമാരുടെ പേരിൽ നടപടി സ്വീകരിക്കുമോ ;

(ഡി) ആയതിന് ആർക്കാണ് പരാതി നൽകേണ്ടതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ചില ബസുകൾ നിർത്താറില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജീവനക്കാർക്ക് ഇതു സംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. തിരക്കു കൂടിയ അവസരങ്ങളിൽ ഇൻസ്പെക്ടർമാരെ പോയിന്റ് ഡ്യൂട്ടിക്കു പോസ്റ്റ് ചെയ്തു ബസുകൾ നിർത്തിപ്പിച്ചു യാത്രക്കാരെ കയറ്റിവിടുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) നടപടി സ്വീകരിക്കാനുള്ള സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്.

(ഡി) മാനേജിംഗ് ഡയറക്ടർ, യൂണിറ്റാഫീസർമാർ എന്നിവർക്ക് പരാതികൾ നൽകാവുന്നതാണ്.

തൃശൂർ ഡിപ്പോയിലെ സർവ്വീസുകൾ

106 (1161) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഇപ്പോൾ എത്ര സർവ്വീസുകൾ നടത്തിവരുന്നുണ്ട് ;

(ബി) നിർത്തലാക്കിയ സർവ്വീസുകൾ ഏതൊക്കെ ;

(സി) ഡീസൽ ക്ഷാമത്തെ തുടർന്ന് നിർത്തലാക്കിയ സർവ്വീസുകൾ ഏതൊക്കെ ; ഇതിൽ വീണ്ടും പുനഃസ്ഥാപിച്ചവ ഏത് ;

(ഡി) തൃശ്ശൂർ, കുഞ്ഞാലിക്കടവ് (അന്തിക്കാട് വഴി) ബസ് പുള്ളിലേക്കു നീട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് സർവീസ് നടത്തുന്നത് ;

(ഇ) തൃശൂർ നിന്ന് അമ്മാടംവഴി കുഞ്ഞേലിക്കടവിലേക്കുള്ള ബസ് നിർത്തലാക്കാൻ എന്താണ് കാരണം ; ഈ സർവീസ് വീണ്ടും തുടരുന്നതിന് നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly